ഹരിജൻ വിദ്യാർത്ഥിനികൾക്ക് സ്കൈറെപ്പൻറ് കിട്ടുന്നില്ലെന്ന പരാതി

345. [529] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ (നോൺ എഞ്ചിനീയറിംഗ്) വൊക്കേഷണൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന 67 സ്ഥാപനങ്ങളിലെ 3000-ൽ പരം ഹരിജൻ വിദ്യാർത്ഥിനികൾക്ക് 1985 ജൂൺ മാസം മുതലുള്ള സ്കൈറെപ്പൻറ് കഴിഞ്ഞ 10 മാസമായിട്ടും ലഭിച്ചിട്ടില്ലെന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) 1984-ൽ നടന്ന കെ. ജി. ടി. [കാഫ്റ്റ് ഗ്രൂപ്പ് പരീക്ഷയിൽ നിശ്ചിത ശതമാനം വിദ്യാർത്ഥിനികൾ പാസ്സായില്ല എന്ന കാരണത്താൽ 1985 ജൂണിൽ ജില്ലാ വെൽഫെയർ ഓഫീസർ അടങ്ങുന്ന കമ്മിറ്റി തിരഞ്ഞെടുത്ത വിദ്യാർത്ഥിനികൾക്കും സ്ഥാപനങ്ങൾക്കും ആനുകൂല്യങ്ങൾ നിഷേധിച്ചിട്ടുണ്ടോ ;

(സി) 17-1-1986-ൽ ഹരിജനക്ഷേമ ഡയറക്ടർക്ക് തുടർച്ചാനുമതി നൽകിയിട്ടും ഇടുക്കി ജില്ലയിലെ (നോൺ എഞ്ചിനീയറിംഗ്) വൊക്കേഷണൽ സ്ഥാപനങ്ങളിലെ ഹരിജൻ വിദ്യാർത്ഥിനികൾക്ക് ഇന്നുവരെ സ്കൈറെപ്പൻറ് വിതരണം ചെയ്തിട്ടില്ല എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഇങ്ങനെ മനപൂർവ്വം വച്ചു താമസിപ്പിക്കുന്ന ജില്ലാ വെൽഫയർ ഓഫീസർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 55 സ്ഥാപനങ്ങൾക്ക് നിഷേധിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പരാതി ലഭിച്ചാൽ പരിശോധിച്ച് തക്കതായ നടപടി എടുക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻവഴി ഹരിജനങ്ങൾക്ക് നൽകിയ സഹായം

346. [530] ശ്രീ. കെ. പി. [പഭാകരൻ :
,, എം. കെ. കേശവൻ :
,, കെ. ടി. കുമാരൻ :
,, വി. കെ. രാജൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 1985 മുതൽ 1986 മാർച്ച് മാസം വരെ ഹരിജനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയത് ;

(ബി) അവയുടെ ജില്ലതിരിച്ചുകണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1985 ഏപ്രിൽ മാസം മുതൽ 1986 ഫെബ്രുവരി മാസംവരെ താഴെ പറയുന്ന സഹായങ്ങൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

		ഗുണഭോക്താക്കൾ	ചെലവാക്കിയ സംഖ്യ (ലക്ഷം)
1.	കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പ	434	53.39
2.	വിദേശത്തു തൊഴിൽ സമ്പാദിക്കുന്നതിനുള്ള വായ്പ	134	13.39
3.	മാർജിൻമണി പദ്ധതി പ്രകാരം സ്വയം തൊഴിലിനുള്ള വായ്പ	208	95.39
4.	സഹകർണ സംഘങ്ങൾക്കുള്ള വായ്പ്	3	8.01
5.	ഭവന നിർമ്മാണത്തിനുള്ള വായ്പ	10,422	150.55
	ആകെ	16,201	326.53

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ഹരിജൻ ഡവലപ്മെൻറ് കോർപ്പറേഷന്റെ വീടു നിർമ്മിക്കാനുള്ള ലോൺ

347. [531] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഹരിജൻ ഡവലപ്മെൻറ് കോർപ്പറേഷൻ വഴി ഹരിജനങ്ങൾക്ക് വീട് നിർമ്മിക്കുവാൻ ഇപ്പോൾ നൽകുന്ന ലോൺ തുക 10,000 രൂപയായി ഉയർത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നു മുതൽ പ്രാബല്യത്തിൽ വരും ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വീട വയ്ക്കുന്നതിന് ഹരിജന വികസനകോർപ്പറേഷന്റെ ധനസഹായം

348. [532] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മിഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1985-86-ൽ ഹരിജൻ വികസന കോർപ്പറേഷൻ വഴി എത്ര പേർക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ധനസഹായം നൽകി ;

(ബി) ഇതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂമി വാങ്ങുന്നതിന് 434 പേർക്ക് വീട് വയ്ക്കുന്നതിന് 10422 പേർക്ക് ധനസഹായം നൽകി.

(ബി) വിവരം ശേഖരിച്ചു വരുന്നു.

† അനുബന്ധം—V.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—V

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ [530] കാണുക

1985 ഏപ്രിൽമാസം മുതൽ 1986 ഫെബ്രുവരി മാസംവരെ വിവിധ പദ്ധതികളിൽ നൽകിയ സഹായങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക്

ക്രമ നമ്പർ	ജില്ലയുടെ പേര്	കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പാ പദ്ധതി		വിദേശത്ത് ജോലി ലഭിക്കാനുള്ള വായ്പാ പദ്ധതി		സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി		വേനൽ നീർത്തടാണത്തിനുള്ള വായ്പാ പദ്ധതി	
		ഗുണഭോക്താക്കളുടെ എണ്ണം	തുക (ലക്ഷത്തിൽ)	ഗുണഭോക്താക്കളുടെ എണ്ണം	തുക (ലക്ഷത്തിൽ)	ഗുണഭോക്താക്കളുടെ എണ്ണം	തുക (ലക്ഷത്തിൽ)	ഗുണഭോക്താക്കളുടെ എണ്ണം	തുക (ലക്ഷത്തിൽ)
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)
1	തിരുവനന്തപുരം	97	14.47	44	4.39	1647	35.97	1131	18.76
2	കൊല്ലം	31	5.58	22	2.20	276	6.64	1340	16.56
3	പത്തനംതിട്ട	4	0.58	1	0.10	88	1.96	333	6.48
4	കോട്ടയം	41	5.72	1	0.10	332	6.68	640	9.82
5	ആലപ്പുഴ	7	1.05	6	0.60	156	3.33	914	12.10
6	ഇടുക്കി	11	1.60	..	..	113	3.79	132	0.95

LIBRARY ARCHIVES Kerala Legislative Assembly

7	എറണാകുളം	15	2.06	2	0.20	229	4.00	701	8.52
8	തൃശ്ശൂർ	47	4.75	24	2.40	609	8.26	1020	11.59
9	പാലക്കാട്	72	8.97	11	1.10	896	11.44	1297	24.20
10	മലപ്പുറം	2	0.15	7	0.70	130	1.54	807	15.15
11	കോഴിക്കോട്	20	1.56	12	1.20	181	3.12	1070	15.42
12	വയനാട്	74	10.74	1	0.10	270	5.24	164	1.77
13	കണ്ണൂർ	13	1.95	3	0.30	213	2.60	648	5.85
14	കാസർകോട്	...	..	..	..	68	0.34	225	3.38
	ആകെ	434	59.18	134	13.39	5208	*9539	**10422	150.55

* 94.39 ലക്ഷം രൂപ സബ്സിഡിയായും മാർജിൻമണിയായും കോർപ്പറേഷൻ നേരിട്ടു ചിലവു ചെയ്തതിനു പുറമെ ബാങ്ക് വായ്പയായി 209.07 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ ഫെബ്രുവരി 86 വരെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

** പുന നിർമ്മാണ വായ്പ അനുവദിച്ചവർക്ക് തവണകളായാണ് (സ്റ്റേറേജ് ബൈ സ്റ്റേറേജ്) സഹായം വിതരണം ചെയ്യുന്നത്.